**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - 2018 ജനുവരി 28 ന് എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരത്ത് പാങ്ങോട് സംഘടിപ്പിക്കുന്ന സ്വച്ഛ് ഭാരത് പരിപാടിക്ക്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.ഇ.സി. ഘടകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ശുചിത്വമിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 3825/2017/തസ്വഭവ തിരുവനന്തപുരം, തീയതി 27.11.2017.

---

പരാമർശം:-
1. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രലയത്തിൽ നിന്നുള്ള 09.11.2017 ലെ S-13014/10/2017-SBM നമ്പർ കത്ത്
2. എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ 10.11.2017 ലെ ESOA/Flagship/Misc നമ്പർ കത്ത്
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.11..2017 ലെ 4191/A/2017//എസ്.എം നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിദ്യാർത്ഥികളിൽ ശുചിത്വാവബോധം സൃഷ്ടിക്കുക, കുറഞ്ഞ ചെലവിൽ ശുചിത്വ പരിപാലനത്തിനാവശ്യമായ സാമഗ്രികൾ വികസിപ്പിക്കുന്നതിന് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക എന്നിവ വഴി സ്വച്ഛ് ഭാരത് മിഷൻ ലക്ഷ്യങ്ങൾ പരമാവധി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ, 2018 ജനുവരി മാസം 28-ന് തിരുവനന്തപുരം പാങ്ങോട്ടുള്ള കരിയപ്പ ഹാളിൽ സ്വച്ഛ് ഭാരത് എന്ന പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ടെന്നും ആയതിലേക്കായി പരാമർശം(1)-ലെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം 15 ലക്ഷം രൂപ എക്സ് സർവ്വീസ് ഓഫീസേഴ്സ് അസ്സോസിയേഷന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അസ്സോസിയേഷൻ പ്രസിഡന്റ് പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ സമർപ്പിച്ചിട്ടുള്ള സ്വച്ഛ് ഭാരത് പരിപാടി സംബന്ധിച്ച പ്രൊപോസൽ പരിശോധിച്ച് , ആയത് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്കും ലക്ഷ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പര്യാപ്തമാമെണങ്കിൽ, കേരള സർക്കാരിൽ ലഭ്യമായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിന്റെ ഐ.ഇ.സി. ഘടകത്തിൽ നിന്നും എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷന് ഫണ്ട് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയം പരാമർശം 1 പ്രകാരം നിർദേശം നൽകിയിട്ടുണ്ട് എന്നും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ പുതുക്കിയ മാർഗനിർദ്ദേശ പ്രകാരം ഗ്രാമപ്രദേശങ്ങളിലെ

വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് ശുചിത്വ വിദ്യാഭ്യാസം നൽകുന്നതിനുള്ള പ്രവർത്തികൾക്ക് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.ഇ.സി. ഘടക ഫണ്ട് ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും ആയതിനാൽ 2018 ജനുവരി മാസം 28 ന് എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരത്ത് പാങ്ങോട് സംഘടിപ്പിക്കുന്ന സ്വച്ഛ് ഭാരത് പരിപാടിക്ക് അവർ സമർപ്പിച്ച പ്രൊപ്പോസലിലെ പ്രതീക്ഷിത ചെലവ് സ്റ്റേറ്റ്മെൻറിലെ 12,55,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി അമ്പത്തയ്യായിരം രൂപ) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.ഇ.സി. ഘടകത്തിൽ നിന്നും തിരുവനന്തപുരം എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷന് നൽകുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തു

3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ജനുവരി 28 ന് എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരത്ത് പാങ്ങോട് സംഘടിപ്പിക്കുന്ന സ്വച്ഛ് ഭാരത് പരിപാടിയുടെ പ്രതീക്ഷിത ചെലവായ 12,55,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി അമ്പത്തയ്യായിരം രൂപ) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.ഇ.സി. ഘടകത്തിൽ നിന്നും തിരുവനന്തപുരം എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷന് അനുവദിച്ചു നൽകുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
മിനിമോൾ.ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രസിഡന്റ്,എക്സ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ, ജവഹർ നഗർ, കവടിയാർ പി ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ)/(എൽ.ബി.എ & എ)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ